# പതിമൂന്നാം കേരളനിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.630** **10/03/2015-ൽ മറുപടിക്ക്**

**സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

**ചോദ്യം**

ശ്രീ.ബെന്നി ബെഹനാൻ
" വി. പി. സജീന്ദ്രൻ
" ഹൈബി ഈഡൻ
" ഡൊമിനിക് പ്രസന്റേഷൻ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഭൂമിയുടെ ഉപയോഗം, പദ്ധതി പ്രദേശത്തിലുൾപ്പെട്ട റോഡുകൾ, പാലങ്ങൾ, വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, വെള്ളം, മലിനജല കൈകാര്യ സംവിധാനങ്ങൾ, മഴവെള്ള സംഭരണികൾ, ഇക്കോടോൺ ഭൂപ്രദേശങ്ങൾ, കളിസ്ഥലങ്ങൾ, പാർക്കുകൾ, നടപ്പാതകൾ എന്നീ വിശദാംശങ്ങൾ അടങ്ങുന്ന പദ്ധതി രൂപരേഖയ്ക്ക് പാരിസ്ഥിതി ആഘാത പഠന അതോറിറ്റിയുടെ അനുമതി ലഭിച്ചു. കൂടാതെ സ്മാർട്ട്സിറ്റി പദ്ധതിയിലുൾപ്പെട്ട 246 ഏക്കർ ഭൂമിയിൽ 232 ഏക്കറിന് SEZ പദവി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് ; നിർമ്മാണപ്രവർത്തനങ്ങളിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; | (ബി) | സ്മാർട്ട്സിറ്റി പദ്ധതി നടത്തിപ്പിനായി സർക്കാർ തുകയൊന്നും അനുവദിക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണപ്രവൃത്തികളുടെ ഭാഗമായി 3.7 Km. റോഡുകൾ, അഴുക്ക് ചാലുകൾ, കേബിൾ കിടങ്ങുകൾ എന്നിവയ്ക്ക് കരാർ നൽകി ക്കഴിഞ്ഞു. പ്രാരംഭ ആവശ്യത്തിനുള്ള ജല ലഭ്യത ഉറപ്പാക്കി കഴിഞ്ഞു. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസ് പദ്ധതിയ്ക്ക് ലഭ്യമായിട്ടുണ്ട്. |
| (സി) | സ്മാർട്ട് സിറ്റിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി ലീഡർഷിപ്പ് ഇൻ എനർജി & എൻവയോൺമെന്റൽ ഡിസൈൻ (LEED) അംഗീകാരത്തോടുകൂടിയ 4000 വിദഗ്ധർക്ക് നേരിട്ട് നിയമനം നൽകാൻ സാധിക്കുന്ന വിധത്തിലുള്ള 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യത്തെ IT Park കെട്ടിടം മാർച്ച് 2015-ഓടെ പൂർത്തീകരിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | മിഷൻ 676-ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു : സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടത്തിൽ പണി തീർക്കുന്നആറരലക്ഷം ചതുരശ്ര്രയടി കെട്ടിടത്തിന്റെ ഉദ്ഘാടനം 2015 മാർച്ച് 25-ന് നിർവ്വഹിക്കും. ഇതിൽ 5000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. 30 ലക്ഷം ചതുരശ്ര്രയടി കെട്ടിടത്തിന്റെ നിർമ്മാണം 2014-ൽ തന്നെ തുടക്കമിടും. |

സെക്ഷൻ ഓഫീസർ